/77608/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/97/2022-ICDSA6

വനിത ശിശുവികസന
ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 24-01-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- സൈക്കോസോഷ്യൽ പദ്ധതി - രണ്ട് വർഷത്തിൽ കൂടുതൽ സേവനകാലാവധിയുള്ളവരുടെ കരാർ പുതുക്കുന്നത്-മിനിട്സ് ഉൾപ്പെടെ ലിസ്റ്റ് ലഭ്യമാക്കുന്നത്- സംബന്ധിച്ച്:-

സൂചന:- 1. സ ഉ (അച്ചടി) നം. 81/2019/ധന, തീയതി : 09.07.2019

വകുപ്പിൽ സൈക്കോസോഷ്യൽ പദ്ധതിയിൽ സേവനമനുഷ്ഠിക്കുന്ന സ്കൂൾ കൌൺസിലർമാരുടെ കരാർ ഏകീകരിക്കുന്നതിന്റെ ഭാഗമായി മാർച്ച് 31 അടിസ്ഥാനത്തിലാണ് കരാർ പുതുക്കി നൽകിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ നടപ്പുവർഷം വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന രണ്ട് വർഷമോ അതിലധികമോ സേവന കാലാവധിയുള്ള ജീവനക്കാരുടെ കരാർ 2023 ഏപ്രിൽ അടിസ്ഥാനത്തിൽ പുതുക്കുന്നതിലേയ്ക്ക് സർക്കാരിനു സമർപ്പിക്കേണ്ടതുണ്ട്. ടി സാഹചര്യത്തിൽ ജില്ലാതല മീറ്റിംഗ് കൂടി കൌൺസിലർമാരുടെ സെൽഫ് അപ്പ്രൈസൽ പരിശോധിച്ച് യോഗ്യരായവരുടെ കരാർ പുതുക്കുന്നതിന് ആവശ്യമായ ലിസ്റ്റ് ഈ കാര്യാലയത്തിൽ നിന്നും **മുൻ വർഷങ്ങളിൽ നൽകിയിട്ടുള്ള അതെ പ്രോഫോർമയിൽ** ലഭ്യമാക്കുവാൻ നിർദേശിക്കുന്നു.

അതോടൊപ്പം ഒരു വർഷം മുതൽ രണ്ട് വർഷം വരെ സേവന കാലാവധിയുള്ളതും വകുപ്പ് തലത്തിൽ കരാർ പുതുക്കേണ്ടതുമായ കൌൺസിലർമാരുടെ ലിസ്റ്റ് കൂടി **പ്രത്യേകമായി** ലഭ്യമാക്കേണ്ടതാണ്. നിലവിൽ പ്രസവാവധിയിൽ തുടരുന്നവരെ നിലവിലെ കരാർ കാലാവധിയ്ക്ക് ശേഷം അവർ അവധി പൂർത്തിയാക്കുന്ന തീയതിയുടെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്താൽ മതിയാകുന്നതാണ്.

ജില്ലാതലത്തിൽ ലിസ്റ്റ് തയ്യാറാക്കുമ്പോൾ **ലിസ്റ്റ് 'മീര" ഫോണ്ടിൽ മലയാളത്തിൽ തയാറാക്കി** pdf **ഫോർമാറ്റിലും വേർഡ് ഫോർമാറ്റിലും icdsasection@gmail.com** എന്ന **മെയിൽ ID യിലേയ്ക്ക് ഫെബ്രുവരി** 10 **ന് മുൻപായി** ലഭ്യമാക്കുവാൻ നിർദേശം നൽകുന്നു.

വിശ്വസ്തതയോടെ,

for വനിത ശിശു വികസന ഡയറക്ടർ